<u>**15 -ാം കേരള നിയമസഭ**</u>

<u>**5 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2480**</u> <u>**07-07-2022 - ൽ മറുപടിയ്ക്ക്**</u>

<u>**സൂക്ഷ്മ, ചെറുകിട, ഇടത്തരം മേഖലയിലെ സംരംഭങ്ങൾ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എൻ എ നെല്ലിക്കുന്ന്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സാമ്പത്തിക വർഷം സൂക്ഷ്മ, ചെറുകിട, ഇടത്തരം മേഖലയിലെ എത്ര സംരംഭങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | "സംരംഭക വർഷം" പദ്ധതിയുടെ വിവരശേഖരണത്തിനായി തയ്യാറാക്കിയ ഓൺലൈൻ പോർട്ടലിലെ കണക്കുകൾ പ്രകാരം 2022-23 വർഷം സംസ്ഥാനത്ത് 05.07.2022 വരെ 33379 സംരംഭങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഈ സാമ്പത്തിക വർഷം എത്ര എം.എസ്.എം.ഇ. ആണ് ലക്ഷ്യമിടുന്നതെന്നും ആ ലക്ഷ്യത്തിലേക്ക് എപ്പോൾ എത്തിച്ചേരാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | 2022-23 സംരംഭക വർഷമായി ആചരിക്കുന്നതിനു സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഒരു ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള കർമ്മപദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചു വരുന്നത്. ഈ സാമ്പത്തിക വർഷാവസാനത്തോട് കൂടി പൂർണ്ണമായും ലക്ഷ്യത്തിലേക്ക് എത്തിച്ചേരാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) | കേരളത്തിലെ എം.എസ്.എം.ഇ.-കൾക്ക് രാജ്യവ്യാപക വിപണി ഉറപ്പാക്കാൻ വ്യവസായ വകുപ്പ് എന്തെല്ലാം കാര്യങ്ങൾ ചെയ്തുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും ദേശീയ അന്തർദേശീയ വിപണി ലഭ്യത ലക്ഷ്യമിട്ട് വ്യവസായ വകുപ്പിനു വേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്) മുഖേന ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഒരു ഇ-പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഉൽപ്പാദകർക്ക് ദേശീയ അന്തർദ്ദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും നിലവിൽ B2B exhibitions നടത്തി വരുന്നു. കേരളത്തിലെ വാണിജ്യ മേഖലയുടെ പ്രോത്സാഹനം, വികസനം, സംസ്ഥാനത്തിലെ തനതായ ഉല്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്തൽ തുടങ്ങി വിവിധ ലക്ഷ്യങ്ങളെ മുൻനിർത്തി വാണിജ്യ മിഷന് സർക്കാർ രൂപം നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു പുതിയ പദ്ധതി ഈ വർഷത്തെ ബഡ്ജറ്റിലെ 'പ്രത്യേക പദ്ധതി'കളുടെ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ കരട് മാർഗരേഖ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ